പതിമൂന്നാം കേരള നിയമസഭ
ഒൻപതാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 6002** **08.07.2013-ൽ മറുപടിയ്ക്ക്**

**ഒറ്റപ്പാലത്ത് ഒരു കേന്ദ്രീകൃത വൈദ്യുതി ശ്മശാനം നിർമ്മിക്കാൻ നടപടി**

<table>
<tr><th colspan="2">ചോദ്യം<br><br>ശ്രീ. എം. ഹംസ</th><th>ഉത്തരം<br><br>ഡോ. എം.കെ. മുനീർ<br>( പഞ്ചായത്തും സാമൂഹ്യനീതിയും<br>വകുപ്പ് മന്ത്രി)</th></tr>
<tr><td>(എ)</td><td>ഒറ്റപ്പാലം അംബ്ളി മണ്ഡലത്തിലെ ലെക്കിടി-പേരൂർ, അമ്പലപ്പാറ, പൂക്കോട്ടുകാവ് എന്നീ ഗ്രാമപഞ്ചായത്തുകൾക്കും, ഒറ്റപ്പാലം മുനിസിപ്പാലിറ്റിക്കുമായി ഒരു കേന്ദ്രീകൃത വൈദ്യുതി ശ്മശാനം നിർമ്മിക്കുന്നതിനായുള്ള പ്രൊപ്പോസൽ സർക്കാരിൽ ലഭ്യമാണോ ;</td><td rowspan="2">എ യും ബി യും<br><br>ഒറ്റപ്പാലം നഗരസഭയിൽ വൈദ്യുതി ശ്മശാനം നിർമ്മിക്കുന്നതിന് 3,68,55,000/- (മൂന്നു കോടി അറുപത്തിയെട്ട് ലക്ഷത്തി അൻപത്തിയയ്യായിരം) രൂപയുടെ പ്രോജക്റ്റ് പ്രൊപ്പോസൽ നഗരകാര്യ ഡയറക്ടറിൽ നിന്നും ലഭിച്ചിരുന്നു. ടി പ്രൊപ്പോസൽ പരിശോധിക്കുകയും നഗരസഭയുടെ പദ്ധതി വിഹിതം, തനതുഫണ്ട്, എം.പി, എം.എൽ.എമാരുടെ പ്രാദേശിക വികസന ഫണ്ട്, RIDF-ൽ നിന്നുള്ള സഹായം 2013-14 സാമ്പത്തിക വർഷം നഗര വികസന വകുപ്പു മുഖേന വകയിരുത്താവുന്ന വിഹിതം മുതലായവ കൂട്ടിച്ചേർത്തും ധനകാര്യ സ്ഥാപനങ്ങളിൽ നിന്നോ, സ്വകാര്യ പങ്കാളിത്തം മുഖേനയോ ഉള്ള ഫണ്ട് ലഭ്യതയും സാങ്കേതിക സഹായവും കൂട്ടിച്ചേർത്തും പദ്ധതി നടപ്പിലാക്കുവാൻ കഴിയുമോ എന്നു പരിശോധിക്കുന്നതിനായി നഗരകാര്യ ഡയറക്ടറെ ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.</td></tr>
<tr><td>(ബി)</td><td>2013-14-ൽ പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിനായി എന്തെല്ലാം പ്രവർത്തനങ്ങൾ നാളിതുവരെ നടത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?</td></tr>
</table>

സെക്ഷൻ ഓഫീസർ